## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *262 — 19.02.2016-ൽ മറുപടിയ്ക്ക്

## പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>,, ആർ.സെൽവരാജ്<br>,, പി.സി.വിഷ്ണുനാഥ്<br>,, ലൂഡി ലൂയിസ് : | ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്ക്കരണത്തിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | **(എ)&(ബി):**<br>01.02.2012-ലെ സ.ഉ.(പി) നം.13/2012/ പൊ.മ.വ. പ്രകാരം പി.ഡബ്ല്യൂ.ഡി മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) 01.02.2012-ലെ സ.ഉ.(പി) നം.13/2012/ പൊ.മ.വ. പ്രകാരം പി.ഡബ്ല്യൂ.ഡി മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. 21.03.2012 ലെ സ.ഉ.(പി) നം. 32/2012/പൊ.മ.വ പ്രകാരം പരിഷ്ക്കരിച്ച മാന്വൽ 01.04.2012 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കുന്നതിനും ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ